പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 33 — 11.12.2012-ൽ മറുപടിക്ക്.

## പ്രോസിക്യൂഷൻ, നീതിന്യായ സംവിധാനങ്ങളുടെ പരിഷ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പ്രോസിക്യൂഷൻ, നീതിന്യായം എന്നീ വ്യവസ്ഥാപിത സംവിധാനങ്ങളിലെ പഴുതുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഇതുമൂലം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ ചിലതിലെങ്കിലും ബോധപൂർവ്വമോ അല്ലാതെയോ നിരപരാധികൾ പ്രതിചേർക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും അതേ സമയം യഥാർത്ഥ പ്രതികൾ സ്വതന്ത്രരായി നടക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ സമഗ്രമായ ഒരു പരിശോധനയും പരിഷ്ക്കരണ നടപടികളും നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (എ), (ബി) & (സി)<br><br>പ്രോസിക്യൂഷൻ, നീതിന്യായം എന്നീ വ്യവസ്ഥാപിത സംവിധാനങ്ങളിലെ പഴുതുകൾ മുതലെടുത്ത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ ചിലതിൽ നിരപരാധികൾ പ്രതി ചേർക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഇതൊഴിവാക്കാനായി കാലാകാലങ്ങളിൽ നിയമ പരിഷ്ക്കരണ നടപടികളും പോലീസ്/ പ്രോസിക്യൂഷൻ/ജുഡീഷ്യറി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ വിഷയങ്ങളിൽ സമഗ്രമായ പരിശീലനം തുടങ്ങിയ നടപടികളും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. വിവിധ നിയമങ്ങളെക്കുറിച്ച് തുടർച്ചയായി കേരളാ ജുഡീഷ്യൽ അക്കാദമിയിൽ പരിശീലനം നൽകിവരുന്നുണ്ട്. ഇത്തരം നടപടികൾ മൂലം നിലവിലുള്ള സംവിധാനത്തിലെ പഴുതുകൾ പരിഹരിക്കപ്പെടുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ